(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനു ആവശ്യമുള്ള സ്ഥലങ്ങൾ പ്രസ്തുത പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നഗരൂർ, കരവാരം, പുളിമാത്ത് പഞ്ചായത്തുകൾക്കായുള്ള പദ്ധതിക്കായി 59.30 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) എസ്.എൽ.എസ്.സി.-യുടെ അംഗീകാരം ലഭ്യമായി ഭരണാനുമതി നൽകുന്നമുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

നാടുകാണി ജലനിധി പദ്ധതി

165 (4968) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുതോങ്കര ഗ്രാമപഞ്ചായത്തിലെ നാടുകാണി ജലനിധി പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലനിധി ഒന്നാംഘട്ടം മരുതോങ്കര ഗ്രാമപഞ്ചായത്തിൽനിന്നും വിട്ടുതൽ ചെയ്തതിനാൽ ഇത് ജലനിധി രണ്ടാംഘട്ടം പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പാക്കി ഗുണഭോക്തൃ സമിതിക്ക് കൈമാറിയ കുടിവെള്ള പദ്ധതിയായതിനാൽ ടി പഞ്ചായത്തിന്റെ പ്രോജക്ട് അക്കൗണ്ടിൽ ബാക്കിയുക അവശേഷിക്കുന്നുണ്ടെങ്കിൽ അത് പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് ഉപയോഗിക്കാവുന്നതാണെന്ന വിവരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly